OFFICE OF THE DIRECTOR OF SOCIAL WELFARE
13 JUL 2010
TRIVANDRUM

കേരള സർക്കാർ

26364 സംഗ്രഹം

G2

സാമൂഹ്യക്ഷേമ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വൃദ്ധ സദനങ്ങൾക്കും ഡേ കെയർ സെൻററുകൾക്കും ആവർത്തന ചെലവുകൾക്ക് ഫണ്ട് അനുവദിക്കുന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യക്ഷേമ (സി) വകുപ്പ്

സ.ഉ.(സാധാ)നം.268/2010/സാക്ഷേവ തിരുവനന്തപുരം, തിയതി:9-6-2010

പരാമർശം: സാമൂഹ്യക്ഷേമ ഡയറക്ടറുടെ 20.4.2010ലെ ജി2-15138/10 നമ്പർ കത്ത്.

## ഉത്തരവ്

2008-09 സാമ്പത്തിക വർഷത്തിൽ വൃദ്ധസദനങ്ങളും ഡേ കെയർ സെൻററുകളും ആരംഭിക്കുന്നതിനു വേണ്ടി 30 ലക്ഷം രൂപ വകയിരുത്തിയിരുന്നത് ബഹു.ഹൈക്കോടതി ഉത്തരവിൻെറ വെളിച്ചത്തിൽ തൽവർഷം മാനസികരോഗാശുപത്രിയിൽ നിന്നും വിടുതൽ ചെയ്യവർക്ക് 3 സംരക്ഷണ ഭവനങ്ങൾ ആരംഭിക്കുന്നതിന് ചെലവഴിക്കുകയുണ്ടായെന്നും 2009-10ൽ ഈ ശീർഷകത്തിൽ വകയിരുത്തിയിരുന്ന 15 ലക്ഷം രൂപയും ഈ പ്രൊജക്ടുകളുടെ തുടർ പ്രവർത്തനത്തിന് വിനിയോഗിക്കുകയുണ്ടായെന്നും 2010-11 സാമ്പത്തിക വർഷത്തിൽ ഈ കാര്യത്തിന് വേണ്ടി 30 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതായും എന്നാൽ പ്ലാനിംഗ് ബോർഡുമായുള്ള ചർച്ചയുടെ അടിസ്ഥാനത്തിൽ ടി പദ്ധതി വിഹിതം കെയർഹോം ഫോർ ദി എൽഡർലിക്ക് വേണ്ടി മാത്രമാക്കണമെന്നും മനോരോഗ വിമുക്തരായവരുടെ സംരക്ഷണത്തിന് വേണ്ടി നോൺ പ്ലാൻ ശീർഷകത്തിൽ നിന്നും തുക വകയിരുത്തണമെന്നും നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതായും ആയതിൻെറ അടിസ്ഥാനത്തിൽ നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതം വൃദ്ധസദനങ്ങൾക്കും ഡേ-കെയർ സെൻററുകൾക്കും അംഗീകൃത മാനദണ്ഡങ്ങൾക്കനുസൃതമായി ആവർത്തന ചെലവിലേയ്ക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗ്രാൻറ് ഇൻ എയ്ഡ് നൽകുന്നതിനുള്ള പദ്ധതി പരാമർശത്തിലെ കത്ത് പ്രകാരം സാമൂഹ്യക്ഷേമ ഡയറക്ടർ സമർപ്പിച്ചിരിക്കുന്നു. ഇക്കാര്യം 4.5.10ലെ വർക്കിംഗ് ഗ്രൂപ്പ് യോഗം പരിഗണിച്ച് അംഗീകരിക്കുകയുണ്ടായി.

കേരളത്തിൽ ധാരാളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് വൃദ്ധസദനങ്ങൾ പോലുള്ള സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ അടിസ്ഥാന

സൗകര്യങ്ങൾ നിർമ്മിച്ചിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങൾ നടത്തിക്കൊണ്ടു പോകുന്നതിനുള്ള ജീവനക്കാരെ നിയമിക്കുക, അവർക്ക് ശമ്പളം നൽകുക, ഭരണ ചിലവ് നിർവ്വഹിക്കുക തുടങ്ങിയവയ്ക്ക് മതിയായ തുക നീക്കിവയ്ക്കാൻ പഞ്ചായത്തുകൾക്ക് സാങ്കേതിക തടസ്സങ്ങളും സാമ്പത്തിക പരാധീനതകളും നിലവിലുണ്ട്. കേന്ദ്ര സർക്കാരിൻെറ ഗ്രാൻറ് എൻ എയ്ഡ് പദ്ധതി പ്രകാരം ഓൾഡ് ഏജ് ഹോമുകൾക്കും ഡേ കെയർ സെൻററുകൾക്കും ധനസഹായം നൽകുന്നതിന് ഒരു പദ്ധതി നിലവിലുണ്ട് എന്നാൽ ആരംഭ പ്രവർത്തനങ്ങൾ നടത്തുവാൻ കഴിയാത്തതുകൊണ്ട് പല പഞ്ചായത്തുകൾക്കും ഈ ധനസഹായത്തിന് അപേക്ഷിക്കുവാൻ കഴിയാറില്ല. ഈ സാഹചര്യത്തിൽ ഇൻഫ്രാസ്ട്രക്ചറും റിക്രിയേഷൻ, ഫർണിച്ചറും മറ്റുപകരണങ്ങളും മറ്റും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനവും, ഓണറേറിയം, ഭക്ഷണം, മരുന്ന്, വസ്ത്രങ്ങൾ എന്നിവ സാമൂഹ്യക്ഷേമ വകുപ്പും വഹിക്കുന്ന തരത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വൃദ്ധസദനങ്ങൾക്കും ഡേകെയർ സെൻററുകൾക്കും ആവർത്തന ചെലവുകൾക്ക് ഫണ്ട് അനുവദിക്കുന്ന പദ്ധതി (അനുബന്ധമായി ചേർത്തിട്ടുള്ളത്) അംഗീകരിച്ചുകൊണ്ടും നടപ്പു സാമ്പത്തിക വർഷത്തെ 2235-02-104-88-(പ്ലാൻ) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 30 ലക്ഷം രൂപ വിനിയോഗിക്കുന്നതിന് അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം

ഡോ.ഉഷാ ടൈറ്റസ്,
സെക്രട്ടറി.

സാമൂഹ്യക്ഷേമ ഡയറക്ടർ, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ, (ആഡിറ്റ്/എ & ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
പ്ലാനിംഗ് ആൻറ് എക്കണോമിക്(സിപിഎംയു)വകുപ്പ്.
സാമൂഹ്യക്ഷേമ(എ)വകുപ്പ്.
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

R. Vijayalakshmi

സെക്ഷൻ ഓഫീസർ